
Registered No. M-4485 Madras War Review, Malayalam—25-8-1944

# യുദ്ധസഞ്ചിക

വോള്യം III] മദിരാശി: 1944 ആഗസ്റ്റ് 25-ാംനു, വെള്ളിയാഴ്ച [ലക്കം 51



ജനറൽ ഐസ്‌നോവർ

## ശത്രുക്കളെ ഞെക്കിപ്പിഴിയുവിൻ

സഖ്യപക്ഷക്കാർ ഫ്രാൻസിൽ ഏററവും സാമർത്ഥ്യമേറിയ ഒരു വിജയം കരസ്ഥമാക്കിയിരിക്കുന്നു. എതിരാളി അസ്ഥാളിക്കുവാൻ തുടങ്ങിയാൽ, അതു തന്നെയാണു അവനെ ഞെക്കിപ്പിഴിയുവാനുള്ള അവസരം. ഞെക്കുവിൻ, ഞെക്കുവിൻ, നാസീസ്പഞ്ഞിനെ ഞെക്കിക്കൊല്ലുവിൻ. അവനവൻെറ കൃത്യങ്ങൾ എത്രയും നിഷ്ഠയോടും ദൃഢതയോടുംകൂടി ആചരിക്കുന്ന നമുക്കു, ഇന്നത്തെ ആഴ്ച, യുദ്ധചരിത്രത്തിലെ ഏററവും പ്രധാനവും മഹത്തരവുമായ ഒരാഴ്ചയായി ആഹ്ലാദിക്കാം.

ഇന്നു് എത്രയും മഹത്തരവും, പ്രകാശമാനവുമായ ഒരാഴ്ച, നമുക്കും, ശനിപിടിച്ചു്, ശപിക്കപ്പെട്ട ഒരാഴ്ച, നാസീരാക്ഷസനുമായു് ഭവിക്കട്ടെ.

—ജനറൽ ഐസ്‌നോവർ, ആഗസ്റ്റ് 15-ാം തിയ്യതി

വിഷയവിവരം


| | ഭാഗം | | ഭാഗം |
|---|---|---|---|
| ശത്രുക്കളെ ഞെക്കിപ്പിഴിയുവിൻ .. .. | 1 | മലബാറിലെ റേഷനിങ്ങ് .. .. .. | 8 |
| മഹദ്വാക്യങ്ങൾ മിത്ഥ്യയാകയില്ല .. .. | 2 | സ്രാവുകളും അവയെ പിടിക്കുന്നവരും .. .. | 9 |
| അഭിപ്രായക്കുറിപ്പുകൾ .. .. .. | 3–5 | കേരളത്തിലെ വഞ്ചിയാത്രാനിയന്ത്രണം .. | 10 |
| പ്രത്യേകലേഖനങ്ങൾ: വിധിയുടെ ഗതി; ജയിക്കു, ജയിക്കു, ഫ്രാൻസേ! | 6–7 | സാമൂതിരിയും കുഞ്ഞാലി മരക്കാരും: കരിമ്പുഴ രാമകൃഷ്ണൻ, എം. എ., എൽ. ടി. | 11–12 |


# മഹദ്വാക്യങ്ങൾ: മിത്ഥ്യയാകയില്ല

## ജാപ്പാൻ തോൽക്കാൻ തുടങ്ങുന്നു

"ലോകയുദ്ധം ഇപ്പോൾ അതിഭയങ്കരമായ നിലയിൽ വളർന്നിരിക്കുന്നു. ലോകചരിത്രത്തിൽ ഇത്ര വമ്പിച്ച ഒരേർപ്പാട് ഏതു വിഷയത്തിലും മുമ്പ് കണ്ടിട്ടും കേട്ടിട്ടുമില്ല. നമ്മുടെ സാമ്രാജ്യത്തിലും പണ്ട് കണ്ടിട്ടില്ലാത്ത മാതിരിയിലുള്ള രാഷ്ട്രീയക്കുഴപ്പങ്ങൾ നേരിട്ടിരിക്കുന്നു. ശത്രുവിന്റെ ആക്രമണത്തിൽനിന്ന് നമ്മുടെ മാതൃഭൂമിയെക്കൂടി രക്ഷിപ്പാൻ കഴിയുമെന്ന് തോന്നുന്നില്ല."

—ജനറൽ കനിസ്കി കെയ്സോ, ജപ്പാനിലെ പ്രധാനമന്ത്രി, ആഗസ്റ്റ് 8-ാം തിയ്യതി ചെയ്ത ഒരു പ്രക്ഷേപണപ്രസംഗത്തിൽനിന്ന്

❖ ❖ ❖ ❖

## ശത്രുക്കളുടെ കാലടിയിൽ

"ജാപ്പാന്റെ മാതൃഭൂമിക്കടുത്ത് ശത്രു പ്രവേശിക്കുമ്പോൾ മാത്രമേ നമ്മുടെ കടൽപ്പട ശത്രുവിനോട് നേരിടുകയുള്ളൂ. ജാപ്പാന് ഒരേ ഒരു കടൽപ്പട സൈന്യമേ ഉള്ളൂ. ഈ പടയെ നശിപ്പിക്കുവാനും, തന്മൂലം കടലിൽക്കൂടിയുള്ള ഗതാഗതത്തിന്ന് തടസ്ഥം വരുവാനും ഇടവന്നാൽ നാം തീർച്ചയായും ശത്രുക്കളുടെ കാലടിയിൽ പെട്ടുപോകും.

—ടോക്കിയോ റേഡിയോ, ആഗസ്റ്റ് 8-ാം തിയ്യതി

❖ ❖ ❖ ❖

## ഒരു പ്രധാന കാരണം

"നമ്മുടെ സൈന്യത്തിൽ പത്തു ലക്ഷത്തിലധികം ഇപ്പോൾ ശാന്തസമുദ്രത്തിൽ പലേടങ്ങളിലുമായി സ്ഥിതിചെയ്യുന്നു...... ഹാവേയിൻ ദ്വീപുകൾ ഇപ്പോൾ വെറും ഒരു ഔട്ട്പോസ്റ്റ് കടൽപ്പട സ്റ്റേഷനല്ല. ഗോഡൽക്കനാൽ, ന്യൂ ഗിനിയാ, മാർഷൽസ്, മാരിയാനാസ് എന്നീ സ്ഥലങ്ങളിൽ നാം നേടിയ വിജയങ്ങളെല്ലാം ഹാവേയിൻ ദ്വീപുകളിൽനിന്നാണുണ്ടായത്. ഭാവിയിൽ ചൈനയുടെ നേരെയുള്ള വിജയങ്ങൾ നാം നേടാൻ പോകുന്നതു ഈ സ്ഥലങ്ങളിൽനിന്നാണ്. അതുപോലെത്തന്നെ ഫിലിപ്പൈൻ ദ്വീപുകളെ വീണ്ടെടുക്കുന്നതും, ജാപ്പാന്റെ മാതൃഭൂമിയുടെ നേരെയുള്ള യുദ്ധം നടത്തുന്നതും ഈ സ്ഥലങ്ങളിൽനിന്നായിരിക്കും."

—പ്രസിഡെണ്ട് റൂസ്‌വെൽട്ട്, ആഗസ്റ്റ് 12

❖ ❖ ❖ ❖

## തവളകളും ചെടികളും

"ബർമ്മയിൽനിന്നുണ്ടായ പരാജയംപോലെ ഒരനുഭവം ജാപ്പാൻകാർക്ക് ഇതേവരെ ഉണ്ടായിട്ടുണ്ടെന്ന് തോന്നുന്നില്ല. ഒരു ഇംഗ്ലീഷുകാരൻ തന്റെ മകൻ ബർമ്മാരംഗത്തിൽ നിന്നയച്ച ഒരു കത്തിൽ പറഞ്ഞിരിക്കുന്നു: ഒരു ചത്ത ജാപ്പാൻകാരനെ വയറു കീറി പരിശോധിച്ചപ്പോൾ അവന്റെ വയററിൽ തവളകളും കാട്ടിലുള്ള ചെടികളുമല്ലാതെ മററൊന്നും കാണ്മാനുണ്ടായിരുന്നില്ല."

—സേർ ഫിറോസ് ഖാൻ നൂൺ, ന്യൂ ഡൽഹി, ആഗസ്റ്റ് 15.

# ആഴ്ചക്കുറിപ്പുകൾ

മിസ്റ്റർ ചർച്ചിലിന്നു സ്വാഭാവികമാണ് നല്ലതായൊരു ശത്രുസംഘത്തിന്റെ അറവ് നടക്കുന്നേടത്ത് താൻ ഉണ്ടായിരിക്കേണമെന്നുള്ള നിർബ്ബന്ധം. കൂട്ടക്കൊലകളുള്ള മോഹമാണിതെന്നാരും ധരിക്കേണ്ട. രണ്ടു കൊല്ലം മുമ്പ് ശത്രു സംഹാരത്തിന്നായിതാൻ ബുദ്ധിപൂർവ്വം ആലോചിച്ചുറച്ച കാര്യപരിപാടി ഇപ്പോൾ നടപ്പിൽവരുന്നു; ഐക്യകക്ഷി സൈന്യങ്ങൾ ജനറൽ ഐസ്നോവറുടെ നേതൃത്വത്തിൽ പാരീസ് പട്ടണത്തിന്നഭിമുഖീകരിച്ച് തള്ളിക്കയറുന്നവസരത്തിൽ ഫ്രാൻസിന്റെ തെക്കെക്കരക്ക് ജനറൽ മെയിററ്ലാൻറ് വിൽസന്റെ കീഴിൽ മറെറാരു ഐക്യകക്ഷിസൈന്യം ചെന്നിറങ്ങുന്നു. തന്റെ കാര്യപരിപാടിയിലുള്ള ഓരോ പദ്ധതിയും ഈ വിധം മുകുളിതമാകുന്നവസരത്തിൽ എങ്ങിനെയാണ് മി. ചർച്ചിൽ അതു കാണാൻ വരാതിരിക്കുക? എങ്ങിനെയാണ് തനിക്കു കൃതാർത്ഥതയടയുവാനുള്ള സന്ദർഭം തന്റെ അവഗണിക്കുക? എഴുവതു് വയസ്സുമാത്രം പ്രായമുള്ള ഈ ബ്രിട്ടീഷ് യുവാവ് തന്റെ ക്ഷാത്രതേജസ്സുകൊണ്ടും, ബുദ്ധിവൈഭവങ്ങൾകൊണ്ടും ലോകത്തെ ഒട്ടാകെ വിസ്മയിപ്പിക്കുന്നു. ഫ്രാൻസിന്റെ തെക്കൻ പ്രദേശങ്ങളിലുള്ള ജർമ്മൻ സൈന്യങ്ങൾ ഓരോ കൂട്ടംകൂട്ടമായി നാശം വന്നു കഴിഞ്ഞാൽ മി. ചർച്ചിലിന്റെ കാര്യപരിപാടിയുടെ അവസാനപദ്ധതിയാകും. ഇതു കാണാൻ തന്നെയായിരിക്കാം ഒരുപക്ഷെ അദ്ദേഹം ഇററലിയിൽനിന്നു പോകാതെ കൂടിയിരിക്കുന്നതു്. ഫ്രാൻസിൽ നടക്കുന്ന സംഭവങ്ങളും വിചാരിച്ചതിലും അധികരിച്ച വേഗത്തിൽ നടന്നുപോകുന്നുണ്ടു്. ഐക്യകക്ഷി സൈന്യങ്ങളുടെ ത്വരിതഗതിയെ ഫ്രഞ്ച് ജനതയുടെ വിപ്ലവവും അവക്ക് നാസികളോടുള്ള ക്രോധാക്രാന്തിയും അത്യധികം സഹായിക്കുന്നു. അധികം താമസിയാതെ ഫ്രാൻസിന്റെ തെക്കുപടിഞ്ഞാറൻ പ്രദേശം മുഴുവൻ മോചനപ്പെട്ടുവെന്ന് വന്നേക്കാം. ജർമ്മൻകാർ പാരീസ് നഗരിയുടെ കിഴക്കോട്ടു പിൻമാറിക്കൊണ്ടിരിക്കുന്നു. ഇങ്ങിനെ ചെയ്യുന്നതു ഒടുവിൽ തോററുപോവാനുള്ള യുദ്ധരംഗം ചമക്കുവാനായിരിക്കും.



മി. ചർച്ചിലും ജനറൽ മണ്ട്ഗോമറിയും

## ഇററലിയിൽ സമയം കുറിക്കുന്നു

ഈ രംഗത്തിൽ ഐക്യകക്ഷി സൈന്യനായകനായ ജനറൽ അലക്സാണ്ടർ ജർമ്മൻ സൈന്യത്തെ ഫ്ലോറൻസ് നഗരിയിൽനിന്നോടിച്ച് പോ നദിയുടെ താഴ്വരയായ ലൊംബാർഡി മൈതാനത്തിൽ കൊണ്ടിറക്കുകയാണ്. ഈ താഴ്വരയാണ് ജർമ്മൻകാർ അവരുടെ ഗോത്തിക്ക് ലൈനെന്നും മററ്പറയുന്നതു്. ജർമ്മൻ സൈന്യത്തിന്റെ ഈ പിന്തിരിച്ചൽകൊണ്ടു് ഇററലിയിൽ അവരുടെ എതിർപ്പിന്നുള്ള അവസാനമായിയെന്നു കരുതാം. ഫ്ലോറൻസ് നഗരിയായിരുന്നു ജർമ്മൻകാർ ഇററലിയിൽ കണ്ടുവെച്ചിരുന്ന ഒടുവിലത്തെ നില്പിന്നുള്ള സ്ഥലം. ഈ സ്ഥലം കയ്യിൽനിന്നു് വിടാതിരിപ്പാൻ അവർ കഴിയുന്നത്ര ശ്രമം ചെയ്യുകയുംചെയ്തു. അഞ്ചു ഡിവിഷൻ ഒന്നാന്തരം ജർമ്മൻസൈന്യത്തെക്കൊണ്ടാണ് ജനറൽ കെസ്സൽറിങ്ങ് ഇ


വിട്ടത്തെ എതൃപ്പുയുദ്ധം നടത്തിയു്. ഫ്ലോറൻസ് നഗരിയെ അവർ നാശപ്പെടുത്തുകയില്ലെന്നു് ആദ്യമായി വാഗ്ദത്തം ചെയ്തുവെങ്കിലും അവിടെനിന്നു് വിട്ടുപോകുമ്പോൾ ഉപ്പുചിരട്ടയുംകൂടി നശിപ്പിച്ചാണു് പോയതു്. ഏതായാലും ഇററാലിയൻ രംഗശ്രീ അടുത്തവസരത്തിൽ ഒന്നു ഭേദപ്പെട്ടേക്കാം. ജനറൽ അലക്സാണ്ടറുടെ സൈന്യത്തിനു് ഇററലിയിൽനിന്നു ബാൾക്കൻസ് പ്രദേശത്തുള്ള യൂഗോസ്ലേവിയായിലേക്കു് ഒരാക്രമണം നടത്തുവാൻ യാതൊരു തടസ്ഥവുമില്ല. സൌകര്യം വളരെയുണ്ടുതാനും. ഫ്രാൻസിൽ മാക്വിസ് കക്ഷിക്കാർ എടുത്തിരിക്കുന്ന നടവടികൾ അതിലും ഊർജ്ജിതമായി എടുക്കുവാൻ യൂഗോസ്ലേവിയായിൽ മാർഷൽ ടൈറേറാവും തൻെറ സൈന്യങ്ങളും എത്ര കാലമായി തെയ്യാറായിരിക്കുന്നു. ജനറൽ അലക്സാണ്ടറുടെ സൈന്യത്തിനു് ഇററാലിയൻ രംഗത്തിലുള്ള ആട്ടത്തിൻെറ അവസാനമാവുകയും ചെയ്തിരിക്കുന്നു. ഐക്യകക്ഷി നേതാക്കന്മാരുടെ കാര്യപരിപാടിയാണെങ്കിൽ ഹിററ്ലറുടെ യൂറോപ്യൻ കോട്ടയെ നാനാഭാഗങ്ങളിൽനിന്നും പൊളിക്കുവാനുമാണു്.

## റഷ്യ

ഫിൻലാണ്ടു് കടലിടുക്കു മുതൽ കരിങ്കടൽവരെ ഒരു ദിക്കിലെങ്കിലും പഴുതില്ലാതെ റഷ്യൻസൈന്യം ജർമ്മൻ സൈന്യനിരയുടെ ഉറപ്പു്, വിദഗ്ദ്ധനായ ഒരു തച്ചൻ ചെയ്യുന്നപോലെ, മേടിനോക്കി പരിശോധിക്കുകയാണു്. ജർമ്മൻകാരാകട്ടെ എല്ലാററിലുംവെച്ചു് പ്രധാനമായി കരുതികാണുന്നതു് ബാൾട്ടിക്ക് രംഗമാണുതാനും. തെക്കു പോളണ്ടിൻെറ തലസ്ഥാന നഗരിയായ വാർസാവാ മുതൽ ബാൾട്ടിക്ക് കടലിലെ ഒരു പ്രധാന തുറമുഖമായ റീഗാ വരെ ജർമ്മൻസൈന്യം റഷ്യൻ സൈന്യത്തെ തിരിഞ്ഞെതിർക്കുന്നതു് ഒരു ശരിയായ മരണക്കളിതന്നെയാണു്. ഇതിനു കാരണം മറെറാന്നുമല്ല; വാർസാവാ നഗരിയും റീഗാ തുറമുഖവും റഷ്യക്കാർ പിടിച്ചടക്കിക്കഴിഞ്ഞാൽ റഷ്യൻ സൈന്യം ജർമ്മനിയുടെ ജന്മഭൂമിയിൽവെച്ചു് യുദ്ധം നടത്തുവാനിടവരികയും, ഇപ്പോൾ ബാൾട്ടിക്ക് പ്രദേശത്തുനിന്നു് പുറത്തുപോകാൻ നിവൃത്തിയില്ലാതെ കിടപ്പുള്ള മുപ്പതു ഡിവിഷൻ ജർമ്മൻ സൈന്യം നശിച്ചുപോവുകയും ചെയ്യുന്നതാണു്. അതിനാൽ ഈ രംഗത്തിൽവെച്ചു് ജർമ്മൻസൈന്യം കാട്ടുന്ന എതൃപ്പു് അതിഭയങ്കരമായിരിക്കുന്നു. നാശനഷ്ടങ്ങൾ ലവലേശം വകവെക്കാതെ നടത്തുന്ന ഈ യുദ്ധത്തിൻെറ ഫലമായി ബാൾട്ടിക്ക് രംഗത്തിലെ അല്പം ചില സ്ഥലങ്ങളിൽനിന്നു് റഷ്യൻ സൈന്യത്തിനു് തൽക്കാലം ഒഴിക്കേണ്ടിവരികയുംകൂടി ചെയ്തിട്ടുണ്ടു്. എന്നാൽ ഇങ്ങിനെയെല്ലാമാണെങ്കിലും വാർസാവയും, റീഗയും അധികം താമസിയാതെ റഷ്യക്കാരുടെ കൈവശം വരികയും അതിനുശേഷം ഈസ്റ്റ് പ്രഷ്യയുടെ നേരെയുള്ളാക്രമണം ആരംഭിക്കുകയും ചെയ്യുന്നതാണു്. റഷ്യൻ രംഗത്തിൻെറ വടക്കുവശം ഈ വിധം ശക്തിയായ യുദ്ധം നടന്നുകൊണ്ടിരിക്കുമ്പോൾ മറെറാരു റഷ്യൻസൈന്യം പോളണ്ടിലെ ക്രാക്കോ നഗരിക്കു നേരെയും കുതിക്കുന്നു. ക്രാക്കോ പിടിച്ചു് മദ്ധ്യ യൂറോപ്യൻ പ്രദേശവും, ജർമ്മനിയുടെ ഒരു സംസ്ഥാനമായ സൈലീസ്യയുമാണു് ഇവരുടെ ലക്ഷ്യം. എന്നാൽ ഇതുകൊണ്ടും ആയില്ല; റഷ്യൻ രംഗത്തിൻെറ ഏററവും തെക്കെത്തലക്കും തീപ്പിടിച്ചിരിക്കുന്നു. റഷ്യൻ സൈന്യം റുമേനിയായുടെ നേരെ ഒരു വമ്പിച്ച ആക്രമണം ആരംഭിച്ചിരിക്കുന്നു. റഷ്യൻ വിമാനങ്ങൾ റുമേനിയായുടെ കരിങ്കടൽ തുറമുഖങ്ങളിൽ ചെന്നു് ബോംബാക്രമണവും നടത്തിയിരിക്കുന്നു. ജനറൽ അലക്സാണ്ടർക്കു് ഇററലിയിൽനിന്നുള്ള പ്ലാൻ പൂർത്തിയാകുമ്പോഴേക്കു റഷ്യ റുമേനിയായിലേക്കു തള്ളിക്കയറുന്നതും പൂർത്തിയായേക്കാം.

# ലോകമഹാ യുദ്ധം ഇങ്ങിനെ കാണുക




## ബർമ്മാരംഗം

ബർമ്മാരംഗത്തിൽനിന്നു് ഈയാഴ്ച വന്നിട്ടുള്ള ഏററവും വലിയ സന്തോഷ വർത്തമാനം നമ്മുടെ പതിനാലാം പട ഇന്ത്യയുടെ പുണ്യഭൂമിയിൽനിന്നു ജാപ്പാൻകാരെ ഒരു ക്ഷണം ബാക്കിയില്ലാതെ ആട്ടി ഓടിച്ചു ബർമ്മയിലേക്കു കടന്നിട്ടുള്ള യുദ്ധം തുടങ്ങിയിരിക്കുന്നുവെന്നാണു്. ഇന്ത്യയിൽ കടന്നുവന്ന ജാപ്പാൻകാരെ രണ്ടുവഴിയായിട്ടാണു് ഐക്യകക്ഷി സൈന്യങ്ങൾ ഓടിച്ചതു്. ഒന്നു് ജാപ്പാൻ സൈന്യം ഇന്ത്യക്കു വരുവാൻ ശ്രമിച്ച റോഡിൽകൂടി തെക്കോട്ടാണു്. ഈ റോഡിന്നാണു് ടിഡ്ഡിം-ഇംഫാൽ റോഡ് എന്നു പറയുന്നതു്. ഈ റോട്ടിൽകൂടി ജാപ്പാൻകാരെ തെക്കോട്ടു് പായിച്ചു് പതിന്നാലാം സൈന്യം ഇപ്പോൾ ബർമ്മയുടെ അകത്തേക്കു ഒരു നാഴിക കടന്നു്, ടിഡ്ഡിം റോഡിൽനിന്നു് രണ്ടു നാഴിക പടിഞ്ഞാറുള്ള ഖയെവം എന്നൊരു സ്ഥലം പിടിച്ചിരിക്കുന്നു. ജാപ്പാൻ സൈന്യം മറെറാരു വഴിയായി പായുന്നതു് ഇംഫാലിൽനിന്നു് കിഴക്കോട്ടു പലേൽ റോഡിൽകൂടെ ടാമുവിലെക്കാണു്. ആസ്സാം ബർമ്മാരംഗത്തിൽ ജാപ്പാൻ പരാജയപ്പെട്ടതുപോലെത്തന്നെ വടക്കൻ ബർമ്മാരംഗത്തിലും ഐക്യകക്ഷി സൈന്യങ്ങൾ മിത്ത്ഖ്യാനാ പിടിച്ചതിന്നുശേഷം തെക്കോട്ടു ക്രമേണ പുരോഗതി പ്രാപിച്ചുകൊണ്ടിരിക്കുന്നു. മിത്ത്ഖ്യാനയിൽ നിന്നു് ഐക്യകക്ഷി സൈന്യം ഇനിയൊരു ലക്ഷ്യം പ്രാപിക്കാൻ ശ്രമിക്കുന്നതു ഭാമോ നഗരിയാണു്. ഭാമോ മിത്ത്ഖ്യാനയിൽ നിന്നു് 115 നാഴിക തെക്കു കിടക്കുന്നു. വെള്ളം വഴിയായും ഒന്നാന്തരം ഒരു റോഡ് വഴിയായും മിത്ത്ഖ്യാനയിൽനിന്നു് ഭാമോവിൽ എത്തിചേരാം. ഐരാവതി നദിയിന്മേൽ സ്ഥിതി ചെയ്യുന്ന ഈ

(ശേഷം 7-ാം പേജിൽ)

# യുദ്ധസഞ്ചിക

## പ്രതിവാരപത്രം

മദിരാശി: 1944 ആഗസ്റ്റ് 25-ാംനു, വെള്ളിയാഴ്ച


## വിധിയുടെ ഗതി

ലോകവൎത്തമാനം അറിയുന്ന ഏവനും, യുദ്ധരംഗങ്ങളിൽ നടക്കുന്ന സംഭവങ്ങൾ അറിയുന്ന ആരുംതന്നെ, സമ്മതിക്കുന്ന ഒരു കാൎയ്യമാണു് ജൎമ്മനിയുടെ അന്ത്യകാലവും അധഃപതനവും അടുത്തിരിക്കുന്നുവെന്നുള്ള യഥാൎത്ഥം. ഇത്രയൊക്കെ ആപത്തിലാണു് ജൎമ്മനിയുടെ സ്ഥിതിയെങ്കിൽകൂടി അവിടുത്തെ പ്രചാരവേല നടത്തുന്നാൾക്കു ഈ വക ആപത്തുകളൊന്നും കാണ്മാനില്ല. ജൎമ്മനിയിൽ അന്തഃഛിദ്രം നടക്കുന്നുണ്ടോ? ഏയ്, സാരമില്ല; അതെല്ലാം ചില വികൃതിക്കുട്ടികളുടെ തോന്നിവാസം മാത്രമാണത്രെ. ഐക്യകക്ഷി സൈന്യങ്ങൾ ഹിററ്ലറുടെ കോട്ട പലേ ഭാഗങ്ങളിലും പൊളിച്ചു് കോട്ടക്കുള്ളിൽ കടന്നിട്ടുണ്ടോ? കടന്നാൽ തന്നെ എന്താണു്? ഇങ്ങിനെയുള്ളാക്രമണം തന്റെ ശത്രുക്കളിൽനിന്നു് പണ്ടുപണ്ടെ ഉണ്ടാകുമെന്നു് ഹിററ്ലർ പ്രതീക്ഷിച്ചിട്ടുണ്ടു്; അതിന്നു വേണ്ട ഒരുക്കങ്ങളും ആയാൾ ചെയ്തുവെച്ചിട്ടുണ്ടത്രെ. ഇനിയും യുദ്ധത്തിലുള്ള ജയാപജയങ്ങളെപററി പറയാറായിട്ടില്ല; ജൎമ്മനിക്കു അനവധി വിജയായുധങ്ങൾ കെട്ടിക്കിടപ്പുണ്ടത്രെ. ഈ വിധം സന്ദൎഭത്തിന്നു് പററിയ പൊളളും പറഞ്ഞു് പ്രചാരവേല നടത്തിക്കൊണ്ടാണു് ഹിററ്ലറും, കൂട്ടുകാരും ഇപ്പോഴും ജൎമ്മനിയിൽ കാലം കഴിച്ചുകൂട്ടുന്നതു്. മനുഷ്യസമുദായത്തെ ഈശ്വരസൃഷ്ടിയിൽ പ്രാധാന്യമേറിയ ഒന്നാണെന്നു് കരുതുന്നതിന്നുപകരം വെറും ഒരു മൊളംകൂട്ടമാണെന്നു് കരുതി നശിപ്പിച്ചു് ചുട്ടുപൊടിച്ചു കളയുന്ന ഒരു മനസ്ഥിതിക്കല്ലാതെ എന്തു് നുണ പറയുവാനും ഇത്ര ഉറപ്പുണ്ടാകാൻ തരമില്ല. മനുഷ്യസമുദായത്തെ കണ്ടമാനം നശിപ്പിക്കുന്ന ഒന്നാണു് യുദ്ധമെന്നു് ഇനിയും ആയാൾ സമ്മതിക്കുന്നില്ലല്ലൊ. ഈ യുദ്ധം പ്രാധാന്യേന സമുദായതത്വങ്ങളുടെ സംഘട്ടന കൊണ്ടാണെന്നല്ലെ ആയാളുടെ വാദം. പക്ഷെ ജൎമ്മൻ പ്രചാരവേലക്കാർ എന്തു പറഞ്ഞാലും ലോകം അവരുടെ മതം സ്വീകരിക്കയില്ലെന്നുളളതാണു് സമാധാനം.

ജൎമ്മനിയുടെ അധഃപതനം അടുത്തുവെന്നു് പറഞ്ഞവല്ലൊ. യഥാൎത്ഥത്തിൽ അതിന്നുള്ള കാരണങ്ങളെന്താണു്? പ്രധാനമായി ഐക്യകക്ഷികളുടെ കടൽസൈന്യശക്തി; രണ്ടാമതു് വിമാന സൈന്യശക്തി; മൂന്നാമതു് നമ്മുടെ ധാൎമ്മികശക്തി. ഈ യുദ്ധം ആരംഭിച്ചതിന്നുശേഷം ഐക്യകക്ഷികൾ നടത്തിയ ഓരോ പ്രബലമായ ആക്രമണവും കടൽസൈന്യശക്തി കൊണ്ടല്ലാതെ മറെറാന്നുകൊണ്ടും സാദ്ധ്യമാകയില്ലെന്നു പ്രത്യക്ഷമാകും. അതിഗംഭീരമായ ഒരു അമേരിക്കൻ സൈന്യവും അതോടൊന്നിച്ചു് ഒരു ബ്രിട്ടീഷ് സൈന്യവും ഒരു ദിവസം പ്രകാശമായപ്പോഴക്കും വടക്കെ ആഫ്രിക്കയുടെ കടൽക്കരയിൽ വന്നെത്തിയ സംഭവം കടൽസൈന്യശക്തികൊണ്ടല്ലാതെ മറെറാന്നുകൊണ്ടും നടത്തുവാൻ സാദ്ധ്യമല്ല. വടക്കൻ ആഫ്രിക്ക മുഴുമിച്ചു മദ്ധ്യധരണി പ്രദേശം മുഴുവനും ഇററലിയും ഐക്യകക്ഷികളുടെ സ്വാധീനത്തിൽ വന്നതും കടൽ സൈന്യശക്തികൊണ്ടാണു്. യൂറോപ്പിന്റെ പടിഞ്ഞാറെ കരക്കു് ഐക്യകക്ഷി സൈന്യങ്ങൾ നിഷ്പ്രയാസം വന്നിറങ്ങിയതും, ശത്രുവിന്റെ എത്ര കരുത്തോടുകൂടിയുള്ള എതൃപ്പിനെയും വകവെക്കേണ്ടെന്നുള്ള സ്ഥിതിയുണ്ടാക്കിതീൎത്തതും കടൽസൈന്യശക്തിമാത്രമാണു്. ശാന്തസമുദ്രം തന്റെ കളിപ്പാൻകുളമാണെന്നു് ജാപ്പാൻ മൂന്നെമുക്കാൽ നാഴിക നേരം കരുതിയ ബുദ്ധിയെ മുദ്ഗരം ചെയ്തു പാട്ടിലാക്കിയതും അമേരിക്കൻ കടൽ സൈന്യശക്തിയാണു്; സംശയിക്കേണ്ടാ; സൈന്യങ്ങൾക്കു വേണ്ട സാമാനങ്ങളും, യുദ്ധോപകരണങ്ങളും അത്‌ലാന്തിക്കു സമുദ്രത്തിൽകൂടി അമേരിക്കയിൽനിന്നു് ഇംഗ്ലണ്ടിലേക്കു നിൎഭയം കൊണ്ടുവരാറാക്കിയതു് ഐക്യകക്ഷികളുടെ കടൽസൈന്യശക്തിമാത്രമാണു്. ഇതുപോലെത്തന്നെ ശത്രുപക്ഷക്കാർ ഭക്ഷണസാധനങ്ങളും യുദ്ധോപകരണങ്ങളും സൈന്യങ്ങൾക്കു എത്തിക്കാൻ ശ്രമിക്കുന്നവസരത്തിൽ അവരുടെ തുറമുഖങ്ങളെ വെടിവെച്ചു് തകൎത്തിയും, അവരുടെ കപ്പലുകളെ കടലിന്റെ നടുക്കുവെച്ചു ആക്രമിച്ചു് നശിപ്പിച്ചു് ശത്രുബാധ ഇല്ലാതാക്കിയിരുന്നതും കടൽപടയാണു്. കടലുകളിൽ കപ്പൽ നാശിനികളായി വിലസിയിരുന്ന ജൎമ്മൻ യൂബോട്ടുകളെ നാമാവശേഷമാക്കിതീൎത്തതു് നമ്മുടെ കടൽപടയല്ലെ? ഈ ഉപദ്രവം

കടലുകളിൽ ഇല്ലാതായ ശേഷം ലോകത്തിന്റെ ഏതു് ഭാഗത്തുനിന്നും സാമാനങ്ങൾ മററൊരേടത്തെത്തിച്ചേരുവാൻ പ്രയാസമുണ്ടായിരുന്നില്ല. എന്തിനേറെപ്പറയുന്നു; ഐക്യകക്ഷികളോടു ഒരു കാലത്തും മത്സരിക്കാൻ സാദ്ധ്യമല്ലെന്നുള്ള സ്ഥിതി ഹിററ്ലർ കണ്ടതു് കടൽപടയുടെ ശക്തിയിലായിരുന്നു ആദ്യം.

കടൽപ്പടയിൽ ഒട്ടും കുറഞ്ഞതല്ല ഐക്യ കക്ഷികളുടെ വിമാനപ്പട. എന്നാൽ കടൽപ്പടക്കും വിമാനപ്പടക്കും ഉള്ള കരുത്തിനേക്കാൾ എത്രയോ അധികമാണു് അവക്കു ഏതാപത്തിനെയും നേരിടുവാനുള്ള മനക്കരുത്തു്. ഐക്യകക്ഷികളുടെ മനക്കരുത്തും ധൈര്യവും സ്ഥിതിചെയ്യുന്നതു് ലോകത്തിൽ സർവ്വസമ്മതമായി ആചരിച്ചതും സമ്മതിച്ചതുമായ പൊതുജനാധിപത്യ ഭരണതത്വത്തിലാകുന്നു. നാസികളുടെ മതമാകട്ടെ, അവക്കു് പ്രത്യേകമായിട്ടുള്ളതും ലോകത്തിൽ പ്രചരിപ്പിക്കാൻ ശ്രമിക്കുന്നതു ജനങ്ങളെ അടുത്തു കെട്ടിത്തൂക്കിയും, മററു ക്രൂരമായ മർദ്ദനങ്ങൾ ചെയ്തിട്ടുമാകുന്നു. എത്ര വലിയ കേഡികളും ആദ്യം കയറിത്തല്ലുവാൻ ശ്രമിക്കാതിരിക്കയില്ല; എന്നാൽ അവസാനഘട്ടത്തിൽ വിധിയുടെ ഗതി അവക്കൊരിക്കലും തടുപ്പാൻ സാദ്ധ്യമാവുകയുമില്ല. ശത്രുക്കളുടെ വിധി എഴുതിക്കഴിഞ്ഞിരിക്കുന്നുവെല്ലോ.

## ജയിക്ക, ജയിക്ക, ഫ്രാൻസേ!

ഫ്രാൻസിന്റെ തലസ്ഥാനനഗരിയായ പാരീസ് ജർമ്മൻ നാസികളുടെ മർദ്ദനത്തിൽനിന്നു് വിമുക്തയായി. പാരീസിന്റെ മോചനം വന്നതോടുകൂടി ലോകസ്വാതന്ത്ര്യമന്ത്രത്തിന്റെ ഛന്ദസ്സിനെ, അതാ, രാഹുവിൽനിന്നു് വിമുക്തയായ ചന്ദ്രനെപ്പോലെ കാണപ്പെടുന്നു. ഇനിമേൽ നാസികളോടുള്ള സ്വാതന്ത്ര്യസമരത്തിന്നു് ഗാംഭീര്യം, പൂർവ്വാധികം കൂടുന്നതായിരിക്കും. ഹിററ്ലറുടെ അടികൊണ്ടു് ഫ്രാൻസ് നിലം പതിച്ചിട്ടില്ല; ജർമ്മൻ രക്ഷോവരന്മാർ പ്രയോഗിച്ച മായാപ്രയോഗത്താൽ മുഹൂർത്തമാത്രം ഒരു മോഹാലസ്യം ഫ്രാൻസ് എന്നു് ലോകത്തിൽ അറിയപ്പെടുന്ന ആ സ്വാതന്ത്ര്യതേജോരൂപിണിക്കു ഉണ്ടായിയെന്നെ ഉള്ളൂ. ഐക്യകക്ഷികളുടെ ഒന്നിച്ചു് തോളോടുതോൾ ചേർന്നു് യുദ്ധം ചെയ്തു ഫ്രഞ്ചു് യോദ്ധാക്കൾക്കും പാരീസിന്റെ മോചനത്തിൽ വലുതായ ഒരു പങ്കുണ്ടു്. ജനറൽ ഡിഗോൾ തന്റെ വാഗ്ദത്തം നിറവേററി.

(5-ാം പേജിൽനിന്നു തുടർച്ച)

പ്രധാന ബർമ്മാനഗരി ചൈനക്കുള്ള ബർമ്മാ റോഡിനെ തൊട്ടു കിടക്കുന്നതിനാൽ ബർമ്മാ റോഡിനെ പിടിക്കേണ്ട കാര്യത്തിൽ അതു് വളരെ പ്രധാനമായിട്ടുള്ള ഒരു സഹായമായിരിക്കും. ഇന്ത്യയിൽ നിന്നും ചൈനയിൽനിന്നും ബർമ്മക്കു നേരെ വരുന്ന ഐക്യകക്ഷി സൈന്യങ്ങൾക്കു ഒത്തു കൂടുവാനുള്ള ഒരു പ്രധാന സ്ഥലവുമായിരിക്കും ഭാമോ. മിത്ത് ക്യ്നാ-ഭാമോ വഴിയായി വരുന്ന ഐക്യകക്ഷി സൈന്യങ്ങൾക്കു പുറമെ മൊഗോങ്ങിൽനിന്നു് മാണ്ടലേക്കു പോകുന്ന റെയിൽ വഴിയായും ഒരു ഐക്യകക്ഷി സൈന്യം പുരോഗതി പ്രാപിച്ചുവരുന്നുണ്ടു്. മൂന്നാമതൊരു ഐക്യകക്ഷി സൈന്യം ഇംഫാലിൽനിന്നു് ബർമ്മയിലേക്കു് ചെല്ലുന്നതാണു് പതിന്നാലാം സൈന്യം.

### പെരടി മുറിയുന്നു

തന്റെ സ്ഥിതിക്കു താങ്ങാൻ സാധിക്കാത്തതായ ഒരു ഭാരമാണു് ജാപ്പാൻ യുദ്ധത്തിൽ പ്രവേശിച്ചതോടു കൂടി ഏറെറടുത്തതു്. അതിനാൽ ഇപ്പോൾ ജാപ്പാന്റെ പെരടി മുറിയുന്നുണ്ടു്. പക്ഷെ അതുകൊണ്ടൊന്നും ജാപ്പാൻ തൊലഞ്ഞുപോയിയെന്നു് ആരും കരുതേണ്ടാ. അടി കുറെകൂടി കൊള്ളുവാനുള്ള കരുത്തു് ഇനിയും ജാപ്പാന്നു് ശേഷിച്ചിട്ടുണ്ടു്. എന്നാൽ ജാപ്പാന്റെ കഥ അടുത്തു കഴിക്കുമെന്നു് തോന്നുമാറുള്ള പ്രഹരം ഐക്യകക്ഷികൾ കൊടുത്തു തുടങ്ങി. യൂറോപ്യൻ രംഗത്തിൽ ദിനംപ്രതി ശത്രുവിന്റെ ശക്തി ക്ഷയിച്ചുവരുന്നതോടുകൂടി ജാപ്പാന്റെ നേട്ടങ്ങളുടെ മർമ്മപ്രദേശങ്ങളിലും ഐക്യകക്ഷികൾ പൂർവ്വാധികം ശക്തിയോടുകൂടി തല്ലി തകർക്കുന്നു. അധികം താമസിയാതെ ശാന്തസമുദ്രരംഗത്തിൽ നിന്നുകൊണ്ടു് ജനറൽ മക്ക് ആർതർ ഫിലിപ്പൈൻ ദ്വീപുകളെ ആക്രമിക്കാനിടയുണ്ടെന്നുള്ള പൂർണ്ണ ലക്ഷണം കാണുന്നുണ്ടു്. ഇതെ അവസരത്തിൽ ഐക്യകക്ഷികൾക്കു ചൈനയിൽനിന്നുകൊണ്ടു് ജാപ്പാന്റെ നേരെ എടുക്കാനുള്ള നടവടികളും ആരംഭിച്ചിരിക്കുന്നു. പച്ചപകലിലാണു് അമേരിക്കൻ സൂപ്പർ ഫോർട്രസ്സ് വിമാനങ്ങൾ ചൈനയിലെ യുദ്ധ വ്യവസായ കേന്ദ്രങ്ങളായ നാഗസാക്കി, വക്കമാ എന്ന നഗരികളിൽ പോയി ബോംബുവർഷം ചെയ്തു പോന്നതു്. ജാപ്പാനെ ഒന്നു് പേടിപ്പിക്കാനോ എന്നു് തോന്നുമാറു് അമേരിക്കയിലെ വിമാന നിർമ്മാണ വ്യവസായശാലകൾക്കു പ്രസിഡെണ്ടു് റൂസ്‌വെൽട്ടു് കൊടുത്ത കല്പനയും ഇക്കാര്യത്തിൽ ശുഭസൂചകമല്ല. എല്ലാ വ്യവസായശാലകളും സൂപ്പർ ഫോർട്രസ്സ് വിമാനങ്ങൾ ഉണ്ടാക്കിക്കൊള്ളട്ടെ കുറെ കാലത്തേക്കു, എന്നാണു് പ്രസിഡെണ്ടിന്റെ നിർദ്ദേശം. കല്പന വേണ്ടപോലെ നിറവേററുകയാണെങ്കിൽ ജാപ്പാൻ കുഴങ്ങിയെന്നെ പറയേണ്ടു. വിമാന ലക്ഷ്യങ്ങൾ ജാപ്പാൻ പട്ടണങ്ങൾ മാത്രമല്ല; ജാപ്പാനിലേക്കുള്ള കപ്പൽ ഗതാഗതം മുഴുവൻ ഇപ്പോൾ അമേരിക്കൻ ബോംബുകളുടെ മേൽനോട്ടത്തിന്നു് വിധേയമാകുന്നു. ജർമ്മനിയെപ്പോലെത്തന്നെ ജാപ്പാന്നു് ഭക്ഷണകാര്യത്തിൽ സ്വാശ്രയശക്തിയില്ല. ഇപ്പോൾതന്നെ ഐക്യകക്ഷികളുടെ ബോംബിങ്ങു് കൊണ്ടു ജാപ്പാനിൽ പട്ടിണി തുടങ്ങിയിരിക്കുന്നു.

# മലബാറിലെ റേഷനിങ്ങ്

## നെല്ലെടുപ്പ് പദ്ധതിയിൽ വിത്തിനും വല്ലിക്കുമുള്ള ഓഹരി

മലബാറിലെ റേഷനിങ്ങിൻെറ ആവശ്യാർത്ഥം നെല്ല് വിലക്കെടുപ്പാനാരംഭിക്കുമ്പോൾ, വിത്തിൻെറ ആവശ്യത്തിലേക്കു ഏക്കറൊന്നിന്നു പാലക്കാടൻ പറക്ക് 6 പറ നെല്ല് അനുവദിക്കാനാണ് തീരുമാനിച്ചിട്ടുള്ളതു്. പക്ഷെ താലൂക്കു ഗ്രെയിൻ പർച്ചേസിങ്ങ് ഓഫീസരുടെ യുക്തംപോലെ അനുസരണം ആവശ്യമുള്ള സ്ഥലങ്ങളിൽ ഒരു പറ നെല്ലുംകൂടി വെച്ചുകൊടുക്കാവുന്നതാണ്. അടുത്ത കൃഷിവരെ വിത്തു സൂക്ഷിക്കേണ്ട ഭാരം യഥാർത്ഥ കൃഷിക്കാരനിൽ ചുമത്താനാണ് ഗവർമ്മേണ്ട് നിശ്ചയിച്ചിട്ടുള്ളതു.

വല്ലിയെ സംബന്ധിച്ച് വലിയ ആലോചന വേണ്ടിവന്നു. ഏക്കറൊന്നക്ക് 20 പറ നെല്ല് വല്ലിച്ചെലവു വരുമെന്നാണ് മലബാർ കുടിയാൻ കമ്മിററി കണ്ടിരിക്കുന്നതു്. ചില താലൂക്കുകളിൽ ഏക്കറിന്നു 60 പറ നെല്ല് മാത്രമെ വിളവുണ്ടാകയുള്ളൂ. വിളവിൻെറ ഇത്ര വലിയ ഒരോഹരി നെല്ലായിട്ടുതന്നെ കൈവിടാൻ ഗവർമ്മേണ്ടിഷ്ടപ്പെടുന്നില്ല. വല്ലി വാങ്ങുന്നവർ റേഷൻകാർഡുകളും കൈവശപ്പെടുത്തുകയില്ലെ എന്ന ആശങ്കയുണ്ട്. മലബാറിലെ ആകെ നെല്ലുവിളവു വളരെയൊന്നുമില്ലെന്ന വസ്തുതയും പരിഗണനയർഹിക്കുന്നു. വല്ലി കിട്ടുന്നതു മുഴുവൻ വേലക്കാർ ഭക്ഷണാവശ്യത്തിന്നുപയോഗിക്കുമെന്നു തീർച്ചയില്ല. അതിൽ കുറെ വിററു അവർ മണ്ണെണ്ണ മുതലായവ വാങ്ങുന്ന പതിവുണ്ട്. മലബാറിൽ പലേടങ്ങളിലും ഇപ്പോൾതന്നെ പണമായി കൃഷിപ്പണിക്കാർക്കു കൂലികൊടുക്കുന്ന സമ്പ്രദായമുണ്ടുതാനും. വല്ലി വാങ്ങുന്ന കൃഷിക്കാർ ഏതാനും മാസത്തേക്കതായാലും അരി വാങ്ങേണ്ടിവരും. ഏതാനും മാസത്തെ കൂലി, പണമായി വാങ്ങുന്നപക്ഷം അവക്ക് ആണ്ടോടാണ്ട് ഭക്ഷണധാന്യങ്ങൾ കിട്ടുമെന്നുറപ്പിച്ചിരിക്കാം. ഇക്കാരണങ്ങളാൽ വല്ലിക്കായി നെൽവിളവിൽ നിന്ന് ഒട്ടുംതന്നെ വകവെച്ചുകൊടുക്കാൻ ഗവർമ്മേണ്ട് വിചാരിക്കുന്നില്ല. പക്ഷെ വിത്തിറക്കിക്കഴിഞ്ഞ കൃഷിയുടെ കാര്യത്തിൽമാത്രം ഒരു പ്രത്യേകതയനുവദിക്കും. അതായതു്, ഇപ്രാവശ്യത്തെ കൊയ്ത്തിന്നും മെതിക്കും മററുമുള്ള ചെലവു നെല്ലായിത്തന്നെ അനുവദിക്കുന്നതാണ്.

കൃഷിയുടമസ്ഥൻ ജന്മിഭോഗം കൊടുക്കുമ്പോൾ അംശം മേനവൻെറ പർമിററും ജന്മിയുടെ രശീതിയും വാങ്ങിയിരിക്കേണ്ടതാണ്.

## അരിറേഷൻ തോതും തോട്ടം കൂലികളും

മലബാർ ഭക്ഷണ കൌൺസിലിൻെറ ഇക്കഴിഞ്ഞ യോഗത്തിൽവെച്ചു, മലബാറിലേക്കുള്ള കോട്ട അരിയുടെ ഇറക്കുമതി മുമ്പത്തേതിലധികം ഊർജ്ജിതപ്പെട്ടിട്ടുണ്ടെന്നും ഈ മാസാവസാനത്തോടുകൂടി അരി സ്റ്റോക്കു ആശാസ്യമായിത്തീരുമെന്നും കൌൺസിൽ പ്രസിഡണ്ടായ മലബാർ കലക്ടർ പ്രസ്താവിച്ചിരിക്കുന്നു.

ഡിസ്ട്രിക്ട് ബോർഡിലെ യൂറോപ്യൻ പ്രതിനിധിയും ഒരു പ്ളാൻററുമായ മി. ജാക്സൺ, ആസന്നമായ റേഷനിങ്ങിൽ തോട്ടം തൊഴിലാളികൾ സഹിക്കേണ്ടിവരുന്ന അവശത ചൂണ്ടിക്കാണിച്ചതിൽ, തല്ക്കാലം റേഷൻ അരിക്കു പുറമെ ഗോതമ്പും അനുവദിക്കാമെന്നും, അവശതകൾ കാണിച്ചു ഒരു ഹരജി കിട്ടുന്നപക്ഷം അതിനെപ്പററി ഗവർമ്മേൻറ് ആലോചിക്കുമെന്നും പ്രസിഡണ്ടു വാക്കു നൽകി. ഇപ്പോഴുള്ള റേഷൻ തോതു തന്നെ തൊഴിലാളികൾക്കു അപര്യാപ്തമാണെന്നു മി. ജാക്സൺ വാദിച്ചു. നെല്ലായിട്ടു വല്ലികിട്ടുന്ന കൃഷിത്തൊഴിലാളികൾക്കു താരതമ്യേന നല്ല റേഷൻ കിട്ടുമെന്ന് മി. ജാക്സൺ ചൂണ്ടിക്കാണിച്ചതിന്ന് വല്ലി കൊടുക്കുന്ന സമ്പ്രദായം നിലവിലുള്ള വിളവു കൊയ്ത്തു കഴിയുന്നതോടുകൂടി അവസാനിക്കുന്നതാണെന്നു പ്രസിഡണ്ടു അനുസ്മരിപ്പിച്ചു.

റേഷനിങ്ങ് സംബന്ധിച്ചുള്ള ഗവർമ്മേൻറു കല്പനകൾ കൌൺസിൽ മെമ്പർമാർക്കു അയച്ചുകൊടുക്കണമെന്നു മി. നാരായണമൂർത്തി അയ്യർ (പാലക്കാട്ടു) ആവശ്യപ്പെട്ടതിനെപ്പററി ആലോചിക്കാമെന്നു കലക്ടർ പ്രസ്താവിച്ചു.

വില്ലേജ് ഭക്ഷണക്കമ്മിററികൾ സ്ഥാപിക്കുന്നതു പ്രയോജനപ്രദമായിരിക്കുമെന്ന മി. അയ്യരുടെ അഭിപ്രായം കൌൺസിലിനു പൊതുവെ സമ്മതമായില്ല. ഒരു നാഴി മൂന്നാഴക്കു എന്ന തോതിലുള്ള അരി വിഹിതത്തിന്നുപകരം നെല്ലായി കൊടുക്കുമ്പോൾ ഇരട്ടിയിലല്പം കൂടുതൽ നെല്ലനുവദിക്കേണ്ടതാണ് എന്നുള്ള മി. അയ്യരുടെ അഭിപ്രായവും സ്വീകൃതമായില്ല.

കോഴിവളർത്തൽ പ്രോത്സാഹിപ്പിക്കേണ്ടതിനെപ്പററി ഇപ്രാവശ്യവും മി. ജാക്സൺ പ്രസ്താവിച്ചു. അതിനെപ്പററി ആലോചിക്കാമെന്ന് പ്രസിഡണ്ട് സമ്മതിക്കുകയും ചെയ്തു.

വിളവിൻെറ മതിപ്പുകണക്കു കാണിച്ചു കൊടുക്കുന്ന നോട്ടീസ്സു കൃഷിയുടമസ്ഥർക്കുമാത്രം പോരാ, ഭൂമിയുടമസ്ഥനും കൊടുക്കണമെന്നുണ്ടായ ഒരു നിർദ്ദേശം ജില്ലാ ഗ്രെയിൻ പർച്ചേസിങ്ങാഫീസ്സരുടെ വിശദീകരണം കേട്ടശേഷം തള്ളിക്കളഞ്ഞു.

9 മുതൽ 12 വരെ വയസ്സു പ്രായമുള്ള കുട്ടികൾക്കു മുതിർന്നവരുടെ പകുതി റേഷൻ മതിയാകയില്ല എന്നു മിസിസ്സ് വർഗ്ഗീസ് ചൂണ്ടിക്കാണിച്ചതിന്നു കുടുംബങ്ങളെ ഒട്ടാകെ എടുത്തുനോക്കുമ്പോൾ ഈ ന്യൂനത പരിഹരിക്കപ്പെട്ടു കാണുമെന്നായിരുന്നു മറുപടി.

നെല്ലിനു വില നിർണ്ണയിക്കുന്നതിനു ആസ്പദമാകേണ്ടുന്ന ചില കാര്യങ്ങൾ മി. നാരായണമൂർത്തി അയ്യർ വിവരിക്കയും വണ്ടി ഒന്നുക്കു 116 ക. നിശ്ചയിക്കുന്നതു ന്യായമായിരിക്കുമെന്നഭിപ്രായപ്പെടുകയും ചെയ്തു.

കടലപ്പിണ്ണാക്കു ഒരു ഭക്ഷണവസ്തുവായി സ്വീകരിക്കാനുള്ള നിർദ്ദേശങ്ങളെപ്പററി പ്രസിഡണ്ട് പ്രസ്താവിച്ചതിൽ മലബാറിലതു നടപ്പാവുകയില്ലെന്നു കൌൺസിൽ വ്യക്തമാക്കി.

### ഒരു പത്ര സമ്മേളനം

മലബാറിലെ റേഷനിങ്ങ് സംബന്ധിച്ചുള്ള വ്യവസ്ഥകൾ വിശദീകരിക്കാനായി ഈ 19-ാം തിയ്യതി കലക്ടർ ഒരു പ്രസ്സ കോൺഫറൻസ് നടത്തുകയുണ്ടായി. ഇ പ്രാവശ്യം മാത്രം ധാന്യമായി വല്ലികൊടുക്കാനനുവദിക്കാനാണല്ലൊ തീരുമാനിച്ചിട്ടുള്ളതു്. വിളവിൻെറ പതിനൊന്നിലൊരുഭാഗം ഈ ഇനത്തിലേയ്ക്കു വകവച്ചു കൊടുക്കുന്നതാണ്. നെല്ല് പൂഴ്ത്തിവയ്ക്കാൻ ഔത്സുക്യം കാണിക്കുന്നവരെ കലക്ടർ താക്കീതു ചെയ്തു.

# ബ്രിട്ടീഷ്-ജർമ്മൻ യുദ്ധം

## 260-ാമത്തെ ആഴ്ച

## 1939 സപ്തെമ്പർ 3-ാം തിയ്യതി ആരംഭിച്ച

# സ്രാവുകളും അവയെ പിടിക്കുന്നവരും

## സ്രാവെണ്ണയുടെ മാഹാത്മ്യം

സ്രാവെണ്ണ നിർമ്മാണം ഇന്ത്യയുടെ നവീന വ്യവസായങ്ങളിൽ പ്രഥമ സ്ഥാനമർഹിക്കുന്നു. ഇന്ത്യയുടെ കടലോരങ്ങളിൽ കളിക്കുന്നവർക്കൊരു ശല്യമെന്ന നിലയിലേ സ്രാവിനെ അനേക ജനങ്ങളും യുദ്ധത്തിന്നു മുമ്പു അറിഞ്ഞിരിക്കയുള്ളൂ. ഇന്നത്തെ ലോകത്തിൽ സ്രാവെണ്ണയെപററി അറിയാത്തവർ വളരെ ചുരുക്കം പേരെയുണ്ടാവുകയുള്ളൂ. പ്രകൃതി ശാസ്ത്രത്തിൽ അറിയപ്പെടുന്നതായ വിറ്റാമിൻ ഏ. സ്രാവിന്റെ കരളിൽനിന്നു ധാരാളമായ് കിട്ടുന്നതായ് ഇന്നു അധികപക്ഷം ജനങ്ങൾക്കും അറിയാം. ഇന്ത്യയുടെ സ്വന്ത കടലുകളിൽ തന്നെ, ആദായകരമായും, സുലഭമായും, കോഡ്ലിവർ എണ്ണയ്ക്കുള്ള അതേ ഗുണങ്ങളുള്ളതായും, മാത്രമല്ല അതിലും അധികം മഹത്തരമായ ഗുണങ്ങളുള്ള—കരളുകളോടുകൂടിയ സ്രാവുകൾ ധാരാളമുള്ളപ്പോൾ ഇന്ത്യ എന്തിനായിക്കൊണ്ടു കോഡ്ലിവർ എണ്ണയെ ആശ്രയിക്കുന്നു.

ഈ എണ്ണയുടെ ഉപയോഗങ്ങൾ അനേകങ്ങളാകുന്നു. പ്രഥമമായ് സ്രാവെണ്ണ കോഡ്ലിവർ എണ്ണക്കു തക്ക ഗുണങ്ങളടങ്ങിയ ഒരു മാററു മരുന്നാകുന്നു എന്നതിന്നു സന്ദേഹമില്ലാ. പക്ഷെ, സ്രാവെണ്ണ തോൽ മയം വരുത്തി കുറയിടുന്ന സ്ഥാപനക്കാർ തോൽ മയം വരുത്തുവാനും, വേറെ ചിലർ ശുദ്ധി ചെയ്യാത്ത എണ്ണ "ടാർപോളിൻ" മുതലായ എണ്ണത്തുണികൾ നിർമ്മിക്കുവാനും ഉപയോഗിച്ചുവരുന്നു. റബ്ബറിന്നു പകരം ഉപയോഗിച്ചുവരുന്ന ചില ഉപകരണങ്ങൾ നിർമ്മിക്കുന്നതിന്നും ഈ എണ്ണ വളരെ സഹായിക്കുന്നുണ്ടു്. ചിലപ്പോഴെല്ലാം ഈ എണ്ണ താണജാതി സോപ്പുകൾ ഉണ്ടാക്കുന്നതിന്നും, ഇരുമ്പ് കറകളയുവാനും ഉപയോഗിച്ചുവരുന്നുണ്ടു്.

ശരിയായ് പറയുന്നതായാൽ സ്രാവ് ഒരു മത്സ്യമല്ലാ. അതിന്നു മുള്ളുകളില്ലാ. മുള്ളിന്നു പകരം ഒരുതരം ഞെരമ്പു മാത്രമെയുള്ളൂ. തെക്കേക്കടലിൽ പ്രഖ്യാതമായ് പറഞ്ഞുവരുന്ന "പോയ് പോയ്" എന്ന ഭക്ഷണപദാർത്ഥം, ചെറുനാരങ്ങനീരിൽ അച്ചാറിട്ടു നാളികേരപ്പാലോടുകൂടി ഉപയോഗിക്കുന്നതു് സ്രാവിന്റെ പച്ചമാംസമാകുന്നു. അതു വളരെ രുചികരമായിരിക്കുമത്രെ.

പിടിച്ചവനെ പിടിക്കുക എന്ന സമ്പ്രദായമാണല്ലൊ ഇതു്.

### യാത്ര

എന്തു് ധീരകൃത്യമാണ് മദിരാശിയിലെ മീൻപിടുത്തക്കാർ പ്രവൃത്തിക്കുന്നതു്. ഇതേ ധീരന്മാർ പാറാവുകാരായും ഉപകരിക്കുന്നു. അവർ അവരുടെ ജീവിതം മിക്കവാറും, കടലിലും കടലിൻമീതെയുമായ് നയിച്ചുവരുന്നു. അവർക്കു വളരെക്കുറച്ചേ വസ്ത്രങ്ങൾക്കാവശ്യമുള്ളൂ. ചിലപ്പോൾ ആവശ്യം തന്നെയില്ലെന്നും വരാം. ഉപ്പുവെള്ളവും, സൂര്യനുമാകുന്നു അവരുടെ സ്നേഹിതന്മാർ. അവരുടെ വാഹനം ലോകത്തിൽവെച്ചു ഏററവും നിസ്സാരമായതാണെങ്കിലും, രക്ഷാഭാഗത്തിന്നു അവ ധാരാളം മതിയായിട്ടുള്ളതുമാണ്. അവ മരത്തടികൾ കയറു് കൊണ്ടു് കൂട്ടിക്കെട്ടിയവയാകുന്നു. "കെട്ടുമരങ്ങൾ" എന്നു പറയപ്പെടുന്ന ഇവയുടെ മീതെ തിരകൾ ധാരാളം വന്നടിക്കുന്നു. ഏതു സമയത്തും കടലിലെ വെള്ളം തിരയടിച്ചുകയറി അവയെ കഴുകിക്കൊണ്ടിരിക്കും. എന്നാലും അവക്കു് യാതൊരു ചഞ്ചലിപ്പും കൂടാതെ സ്ഥിരമായ് നില്ക്കുവാൻ സാധിക്കും. ഈ കെട്ടുമരത്തിന്മേലാണ് മദിരാശിക്കാരായ ധീരമുക്കുവന്മാർ "കടലിലെ നരി"കളെന്നു പറയുന്ന മനുഷ്യഭോജികളെ പിടിക്കുവാൻ പോകുന്നതു്.

മീൻപിടുത്തക്കാർ സൂര്യോദയത്തോടുകൂടി കടലിലിറങ്ങുന്നു. മത്സ്യം പിടിക്കുന്നതിന്നുള്ള ചൂണ്ടലും കൊക്കിയും, കുടിക്കുവാനുള്ള ശുദ്ധ ജലവും, കഞ്ഞിയും ഈ വാഹനത്തിന്മേൽ സൂക്ഷ്മമായ് വെച്ചിരിക്കും. കെട്ടുമരം കടൽത്തീരം വിട്ടുകിട്ടുവാനാണു അധികം പ്രയാസം. എന്തെന്നാൽ തള്ളി മറിഞ്ഞുവരുന്ന തിരകളാൽ ഇവ വളരെ എളുപ്പത്തിൽ തട്ടി നീക്കപ്പെടുന്നു. എങ്കിലും അവക്കതിന്നും പ്രയാസമില്ലാത്തമട്ടിൽ കടന്നുപോകുന്നു. തിരകളിൽനിന്നു ദൂരെപ്പെട്ടാൽ പായ കെട്ടുകയായ്. അനുകൂലമായ നല്ല കാററും കൂടി കിട്ടുന്നതായാൽ ഒരു മണിക്കൂർ കൊണ്ടു് "കെട്ടുമരക്കൂട്ടങ്ങൾ" പത്തു നാഴികയോളം ദൂരംവരുന്ന മത്സ്യംപിടുത്തസ്ഥലത്തെത്തി കഴിയും.

ആദ്യമായ് ആഴം പരിശോധിച്ചതിന്നു ശേഷം ചൂണ്ടലുകളുടെ ദീർഘം നിർണ്ണയിച്ചേടുക്കും. അതിന്നു ശേഷം തടിയും ബലവുമുള്ള കൊക്കികളിന്മേൽ മാംസക്കഷ്ണങ്ങൾ ഇരയായ് കോർക്കും. മീതെ പാറിക്കിടക്കുവാനായ് ഒഴിഞ്ഞ വലിയ മണ്ണെണ്ണടിന്നുകൾ ഉപയോഗിക്കുന്നു. യഥാസ്ഥലത്ത് കാലുകളും നാട്ടി, ടിന്നുകളും പാറുവാൻ വിട്ടു്, കെട്ടുമരങ്ങൾ തുഴഞ്ഞുകൊണ്ടുപോയ് ആദ്യത്തെ ചൂണ്ടൽ വെള്ളത്തിലിടുന്നു. ഇങ്ങിനെ പത്തു ചൂണ്ടലുകൾ വെള്ളത്തിൽ എറിഞ്ഞു് ദൃഢമായ് ബന്ധിച്ചതിന്നുശേഷം ആ യാനം കരയ്ക്കു മടങ്ങിവരുന്നു. ഇപ്പോൾ മീൻപിടുത്തത്തിന്റെ പ്രഥമഭാഗം കഴിഞ്ഞു. സ്വയമേവ ഘ്രാണശക്തി ധാരാളമുള്ള സ്രാവുകൾക്കു പച്ചമാംസത്തിന്റെ വാസന വളരെ വേഗം അറിയുന്നു. ഒരു സ്രാവ് കൊക്കി വിഴുങ്ങിക്കളഞ്ഞാൽ ഉടനെ പിടച്ചിലും വലിയും തുടങ്ങുകയായ്. അതു സർവ്വസാധാരണമാണല്ലൊ. കുടുക്കിൽ പെട്ടാൽ പിന്നെ പിടയുകയല്ലാതെ എന്തു് ഗതി? മിക്ക സമയങ്ങളിലും ചങ്ങലപൊട്ടി കൊക്കി വിലങ്ങടിക്കുന്നതിനാൽ സ്രാവ് വശംകെടുന്നു. ചിലപ്പോൾ പിടഞ്ഞു പിടഞ്ഞു ചേറും കളിമണ്ണും തൊണ്ടയിൽ നിറഞ്ഞു് ശ്വാസം മുട്ടിപ്പോകുന്നു.

### അപായകരമായ പ്രവൃത്തി

പിറെറദിവസം കാലത്തു മുക്കുവർ മടങ്ങിയെത്തുന്നു. ഭാഗ്യമുള്ളപ്പോൾ ആറോ ഏഴൊ മത്സ്യങ്ങൾ കുടുങ്ങിക്കാണാം. അവയെ കരയ്ക്കു കയറേറണ്ടതിന്നു വലിയ ശ്രദ്ധവേണം. അവയിൽ ജീവനുള്ളവയുണ്ടെങ്കിൽ വലിയ അപായകരമാകുന്നു. ഒരു വാലടികൊണ്ടുമാത്രം മനുഷ്യൻ അവശനായിത്തീരും. ജീവനുള്ള സ്രാവുകളെ സമീപിക്കുന്നതു് വളരെ അരിശത്തോടെയാകുന്നു. ഒരു വലിയ മുളയുടെ അററത്തു് ഉറപ്പും കട്ടിയുമുള്ള കൊക്കി തറച്ചു അതിനെ വലിച്ചുകയററാൻ ഉപയോഗിക്കുന്നു. സ്രാവ് അനക്കമില്ലാതെ ചത്തതായി പൂർണ്ണബോദ്ധ്യം വന്നാലെ അതിനെ കരക്കു കയററുകയുള്ളൂ.

എല്ലാ സ്രാവുകളേയും കരക്കു കയററിയതിന്നു ശേഷം അവയുടെ അന്തകന്മാർ കുറച്ചുനേരത്തെ വിശ്രമത്തിന്നുശേഷം ആ സ്രാവുകളുടെ മാംസങ്ങൾതന്നെ ഇരയിട്ടു വീണ്ടും ചൂണ്ടലുകൾ കടലിലെറിയുന്നു. അതിന്നുശേഷം സ്രാവുകളെ മരത്തടികളോടുചേർത്ത് ദൃഢമായി ബന്ധിച്ചു കരക്കു മടങ്ങുന്നു.

സ്രാവുകൾ കരക്കെത്തിക്കഴിഞ്ഞാൽ ഉടനെ അവയെ കീറി കക്കും കരളും എടുക്കുന്നു. ഒരു വലിയ സ്രാവ് 800 റാത്തൽവരെ തൂക്കമുണ്ടാവും. അതിന്റെ രണ്ടണെച്ചങ്ങളോടുകൂടിയ കരളുകൾ 200 റാത്തൽവരെ തൂങ്ങും. കഴിയുന്ന വേഗത്തിൽ ഈ കരളുകൾ അവയിൽനിന്നു മഹത്തായ എണ്ണയെടുക്കുന്ന സ്ഥാപനങ്ങളിലേക്ക് കൊണ്ടുപോകപ്പെടുന്നു.

സ്രാവെണ്ണയുടെ നിർമ്മാണത്തെപ്പററി ഒരു വാക്കെഴുതാം. പുതിയതായ കരളുകൾ ചെമ്പുപാത്രങ്ങളിലിട്ടു, പുകയെന്ത്രങ്ങളാൽ പാകം ചെയ്യപ്പെടുമ്പോൾ എണ്ണ മീതെ പാറിവരുന്നു. ആ എണ്ണ നീക്കംചെയ്തു ചാറ് മാത്രം ശേഷിക്കുന്നു. നിറം, സ്വാദ്, വാസന ഇവ കരളുകളുടെ പുതുക്കത്തിനെ ആശ്രയിച്ചിരിക്കും.

കമ്മർഷ്യൽ സ്രാവെണ്ണ—ഇളം തവിട്ടു നിറം തൊട്ടു നല്ല കറുപ്പുവരെയുണ്ടാവും, വൈദ്യവിഷയമായുപയോഗിക്കുന്ന എണ്ണ നിറംകുറഞ്ഞും ചെറുതായ തവിട്ടുനിറത്തോടുകൂടിയുമിരിയ്ക്കും.

### സ്രാവുകൾ എന്തും തിന്നും

സ്രാവിന്റെ വയററിലുണ്ടാകാവുള്ള സാധനങ്ങൾ ശ്രദ്ധാവഹങ്ങളായിരിക്കും. എന്തും വായിലിട്ടു വിഴുങ്ങുന്ന വിഷയത്തിൽ സ്രാവിന്നു ഒട്ടകപ്പക്ഷിയുടെ എതിരാളിത്വം കൂടിയുണ്ടോ എന്നു സംശയിക്കാം. ഒരു സ്രാവിന്റെ വയററിൽ, മത്സ്യം പാകം ചെയ്യുവരുന്നതായ ഒരുതരം ചെറിയ ടിന്നുകൾ, രണ്ടു ഡസൻ കണ്ടതായ് രേഖപ്പെടുത്തിയിരിക്കുന്നു. അവ കടൽ

(ശേഷം 10-ാം പേജിൽ)

# കേരളത്തിലെ വഞ്ചിയാത്രാ നിയന്ത്രണം

## വരുന്ന വഞ്ചിയാത്രാ കാലത്തേക്കുള്ള പുതിയ പദ്ധതി

കേരളത്തിലെ വഞ്ചിയാത്രാ സംഘടനയെ പുതുക്കിപ്പരിഷ്ക്കരിക്കുന്നതിന്നായൊരു പദ്ധതി, ഇന്ത്യാ ഗവമ്മേണ്ടു ഉത്തരവാദപ്പെട്ട പ്രോവിൻഷ്യൽ ഗവമ്മേണ്ടുമായ് ആലോചന നടത്തി വരുന്നു. ഈ വരുന്ന വഞ്ചിയാത്രാ കാലത്തേക്കു പ്രവൃത്തി ആരംഭിക്കുന്നതായിരിക്കും.

"മാർഗ്ഗപദ്ധതി" എന്ന പേരിൽ അറിയപ്പെടുന്ന പ്രസ്തുത പദ്ധതിയുടെ ഉദ്ദേശം, ഗതാഗതത്തിന്നുതകുന്ന മാർഗ്ഗങ്ങൾ ഏർപ്പെടുത്തുകയും തിട്ടപ്പെടുത്തുകയുമാകുന്നു.

അതിനായ് ഒരു ഏജണ്ടിനെ നിശ്ചയിക്കും. ഒന്നോ ഒന്നിലധികമൊ മാർഗ്ഗങ്ങൾ ഓരോ ഏജണ്ടിൻെറയും കീഴിലുണ്ടായിരിക്കും. ഫെയർ റേറ്റ് ഉപദേശകക്കമ്മിററിയുടെ ഉപദേശമനുസരിച്ചു, ഇന്ത്യൻ ഷിപ്പിങ്ങ് കൺട്രോളർ ഫെയർ റേറ്റ് കൂലികൾ നിശ്ചയിക്കും. ഗവമ്മേണ്ടിനോടും, മിലിററി അധികാരസ്ഥന്മാരോടും ആലോചിച്ചിട്ടായിരിക്കും പ്രസ്തുത തീർപ്പുകൾ. പൊതുജനങ്ങൾക്കറിവാൻ വേണ്ടി, കൂലിനിരക്കും അതിന്നു വ്യത്യാസം വരുന്ന അവസരങ്ങളിൽ ആ വിവരങ്ങളും പരസ്യപ്പെടുത്തുന്നതായിരിക്കും.


ഇന്ത്യൻ ഷിപ്പിങ്ങ് കണ്ട്രോളരായിരിക്കും ഏജണ്ടുമാരെ തിരഞ്ഞെടുത്തു നിശ്ചയിക്കുക. അസിസ്റ്റണ്ടു നാടൻ വഞ്ചി ഓഫീസരുടെ മേലന്വേഷണവുമുണ്ടായിരിക്കും. വഞ്ചികൾ ശരിയായ മാർഗ്ഗങ്ങളിൽക്കൂടി സഞ്ചരിപ്പിക്കുന്നതും അവക്കു നിശ്ചയിക്കപ്പെട്ട കൂലി നിരക്കുപ്രകാരം പിരിക്കുന്നതിനെപ്പററി മനസ്സിരുത്തേണ്ടതും, വഞ്ചികൾ കേടുവരാതെ സൂക്ഷ്മമായ് ഉപയോഗിക്കുന്നില്ലയൊ എന്നു മേൽനോട്ടം ചെയ്യുന്നതും, സാമാനങ്ങൾ കയററിറക്കം ചെയ്യുന്നതിൽ സൌകര്യങ്ങളുണ്ടാക്കികൊടുക്കേണ്ടതും, വഞ്ചിയിൽ സാമാനങ്ങൾ ശേഖരിച്ചുവെക്കുന്നതിന്നു സ്ഥലസൌകര്യം ചെയ്തുകൊടുക്കേണ്ടതും, ഏജണ്ടുമാരുടെ പ്രവൃത്തിയായിരിക്കും. അധികാരസ്ഥന്മാരുടെ ഏതൊരു കല്പനയും അവർ നിറവേററേണ്ടതാകുന്നു. ഈ വക പ്രവൃത്തികൾക്കു അവക്കു യഥായോഗ്യം കമ്മീഷ്യൻ നൽകുന്നതുമായിരിക്കും.

ഏജണ്ടുമാരുടെ കല്പനകളെ അനുസരിക്കാതെ യാത്ര ചെയ്യുന്ന വഞ്ചികളുടെ പേരിൽ നടവടിയെടുക്കുന്നതാണ്. നാടൻ വഞ്ചികളുടെ മേൽ അധികാരമുള്ള ഏജണ്ടുമാർ തമ്മിൽ സഹകരിച്ചു പ്രവൃത്തിക്കുന്നതയാൽ ഈ പദ്ധതിക്കു അഭിവൃദ്ധി വരാതിരിക്കയില്ല.

(9-ാം പേജിൽനിന്ന് തുടർച്ച)

ഷ്രാമ്പുകളേയും കൂട്ടംകൂട്ടമായ് ചെറിയ മത്സ്യങ്ങളേയും കുക്ഷിപൂരണത്തിന്നുപയോഗിക്കുന്നു. ചിലസമയങ്ങളിൽ നിർഭാഗ്യവാനായ ഒരു സമുദ്രസ്നായിയുടെ കാലും ആടുകളുടെ തലയോടും എല്ലുകളും അതിൻെറ വയററിൽ കാണാറുണ്ടത്രെ. ചിലപ്പോൾ സ്വജാതീയരെത്തന്നെ അമുക്കിത്തേത്തു കഴിക്കാറുണ്ട്.

നിശ്ചയമായും സ്രാവൊരു ഉത്തമനല്ലാ. കടലിലുള്ള ഒരു യഥാർത്ഥ നാസ്തികയായിട്ടുവേണം അതിനെ ഗണിക്കുവാൻ. ഗുണകരമായിട്ടു അതിന്നു ലിവർ ഒന്നു മാത്രമെയുള്ളൂ. മീൻ പിടുത്തക്കാർ ഈ മത്സ്യത്തെ കരക്കെടുത്ത ശേഷം വില്ക്കുന്നതു് സാധാരണമായി തൂക്കമനുസരിച്ചാണ്. മുഴമത്സ്യത്തിന്നു വില കുറഞ്ഞുപോയാൽ, അതിനെ അരുത്തു കഷ്ണം കഷ്ണമാക്കി സാവകാശത്തിൽ വില്ക്കുന്നു. ഒരാഴ്ചയിൽ ആറു തവണ സ്രാവിനെ പിടിക്കുന്നു. ആറാം ദിവസം കൊക്കികളും, ചൂണ്ടലുകളുമെല്ലാം കേടുതീർത്തു വൃത്തിവരുത്തി, ആരംഭിക്കുവാൻ പോകുന്ന പ്രവൃത്തിക്കു ഒരുക്കിവെക്കുന്നു. "സ്രാവുകളെ സൂക്ഷിക്കണം," എന്നുള്ള അറിയിപ്പിൽനിന്നു "സ്രാവെണ്ണ നിങ്ങൾക്കു ഗുണകരമാണെ"ന്നു അറിയിപ്പുകളിലേക്കു അതിയായ ദൂരമുണ്ടെങ്കിലും ഒരുവിധത്തിൽ വാസ്തവവുമാണു സ്വാദും രുചിയുമില്ലെങ്കിലും, സ്രാവെണ്ണയുപയോഗിച്ചാൽ ദൃഢമായ ശക്തിയുണ്ടാകുന്നതാകുന്നു. നോർവേയിൽനിന്നു വരുന്ന സാധനങ്ങൾ ഇപ്പോൾ നിർത്തൽ ചെയ്തിരിക്കുന്നതുകൊണ്ടു മീനെണ്ണ (കോഡ്‌ലിവർ ഓയൽ) ഇപ്പോൾ അലഭ്യമായതുകൊണ്ട്, അഥവാ ലഭിക്കുന്നതായാൽ തന്നെ വളരെ വിലയേറിയിരിക്കുന്നതുകൊണ്ടു, സ്രാവെണ്ണയുടെ കാര്യത്തിൽ മദിരാശി ഗവമ്മേണ്ട് ചെയ്യുന്ന ഒത്താശകളാൽ, ഇന്ത്യക്കൊരു ശുഭപ്രതീക്ഷിതമായ വ്യവസായം ലഭിച്ചു എന്നുമാത്രമല്ലാ, സ്ഥിരോത്സാഹികളായ മത്സ്യം പിടുത്തക്കാർക്കൊരു ഉത്സാഹമേറിയ പ്രവൃത്തി കൂടിയായിരിക്കുന്നു. മാത്രമല്ലാ ഈ യുദ്ധകാലത്തു ശരീരത്തിന്നത്യാവശ്യമായ വിററാമിൻ "എ" ധാരാളമായ് ലഭിക്കുവാനും ഇടയായ് തീർന്നു.




അസ്സാം-ബർമ്മാ യുദ്ധരംഗം

# സാമൂതിരിയും കുഞ്ഞാലിമരക്കാരും

(കരിമ്പുഴ രാമകൃഷ്ണൻ, എം. എ., എൽ. ടി.)

(തുടർച്ച)

## രംഗം III

സ്ഥലം—കുഞ്ഞാലി മരയ്ക്കാരുടെ കോട്ട.

(കുഞ്ഞാലിയും ആമീനയും കുറെ മാപ്പിളമാരും പ്രവേശിക്കുന്നു.)

കുഞ്ഞാലി : എന്താണെടാ എല്ലാം മിഴിച്ചുകൊണ്ടു നില്ക്കുന്നതു് ? നിങ്ങളാരും അറിയാതെ ഈ കാര്യം നടന്നു അല്ലെ ? നമ്മുടെ കപ്പലുകൾ ഒളിപ്പിച്ചു നിർത്തീട്ടുള്ള സ്ഥലം ആരടാ പറങ്കികൾക്കു അറിവുകൊടുത്തതു് ? ഉള്ളതു പറകയാണു് നല്ലതു്. അല്ലെങ്കിൽ അറക്കും ഞാനെല്ലാററിനേം. ഒരൊററ കപ്പലു വിടാതെ പറങ്കികൾ മുക്കിയില്ലെ ? ആൾനാശമൊ ? അയ്യോ അതു വിചാരിക്ക വയ്യ. ഈ കൊലച്ചതി ചെയ്തതു ആരാടാ ?

ഹസ്സനാജി : ചതിച്ച ആളെ ഞാനറിയും. പക്കെ പറയാൻ പാടില്ല.

കുഞ്ഞാലി : ആരായാലും പറയാൻ മടിക്കേണ്ട എൻെറ ആമീന തന്നെയായാലും പറയാം.

ഹസ്സനാജി : എന്നാൽ വേറെയാരുമല്ല, അവർ തന്നെയാണു് ഈ ചതി ചതിച്ചതു്.

ആമീന : അയ്യോ ! എന്തൊരു ദുരിതമാണിതു് —ഞാനൊന്നും അറിഞ്ഞിട്ടില്ലല്ലൊ.

കുഞ്ഞാലി : ആരു ആമീനയൊ. അവൾ അങ്ങനെ ചെയ്യുമോ ?

ഹസ്സനാജി : ഞമ്മ കണ്ണുകൊണ്ടു കണ്ടതാ. ഇന്നലെ മോന്തിയ്ക്കു ഞമ്മടെ കപ്പലുകൾ നിർത്തീട്ടുള്ളേടത്തു് ഒരു തോണി ബന്നണഞ്ഞു. ഞാ ചെന്നു നോക്കുമ്പോ ഉണ്ടു് ഇബലു തോണീലിരിക്കുന്നു.

ആമീന : അയ്യോ ഇതെന്തു നുണയാണു് ?

കുഞ്ഞാലി : മിണ്ടാതിരിക്കു അവിടെ. ഞാനിവിടെ ഇല്ലാത്ത തക്കം നോക്കി നീ പുറത്തിറങ്ങിയല്ലെ ? ഹസ്സനാജി ! പിന്നെ ഇവൾ എവിടേയ്ക്കാണു് പോയതെന്നു് നോക്കിയോ ?

ഹസ്സനാജി : തോണി നേരെ പടിഞ്ഞാട്ടാണു് പോയതു്.

കുഞ്ഞാലി : പടിഞ്ഞാട്ടു്, ഉം ശരി. പറങ്കി കപ്പിത്താൻെറ കപ്പലിലേയ്ക്കായിരിക്കണം. എടി—ഇങ്ങോട്ടുവാ എൻെറ മുഖത്തുനോക്കി പറ നീ ഈ കാര്യം അറിഞ്ഞിട്ടില്ലെന്നു്.

ആമീന : അയ്യോ ! നിങ്ങളും എന്നെ സംശയിക്കുന്നുവോ ?

കുഞ്ഞാലി : നിർത്തു് നിൻെറ കള്ളക്കരച്ചൽ. നീ പറങ്കികളുടെ ഒററുകാരിയാണു്. ഞാൻ നിന്നെ സ്നേഹിച്ചു. നീയെന്നെ ചതിച്ചു. നിന്നെ വെറുതെ വിട്ടാൽ പററില്ല. കുഞ്ഞാലി മരയ്ക്കാരെ ചതിക്കുന്നവർക്കു ഗതി എന്താണെന്നൊ ? ഇതാ ഇതുതന്നെ. ഇതുതന്നെ. ഇതുതന്നെ.

(കഠാരികൊണ്ടു് ആമീനയെ കുത്തുന്നു).

ആമിന : അയ്യോ ! ഈശ്വര ! അയ്യോ ! എന്നെ രക്ഷിപ്പാൻ ആരുമില്ലെ? ഹാ ! എൻെറ അവസാനം ഇങ്ങനെയായല്ലൊ.

(ചില മാപ്പിളമാർ ഒരു സ്ത്രീയെ തടവുകാരിയാക്കിപ്പിടിച്ചുകൊണ്ടുവരുന്നു.)

ഒരു മാപ്പിള : ഏമാനെ, ഞമ്മെ ചതിച്ച ആളെ പിടികിട്ടി. പറങ്കീൾടെ അടുത്തുന്നു മടങ്ങി ബരുമ്പോ ഞമ്മടെ കൈയിൽപ്പെട്ടു.

കുഞ്ഞാലി : ഇവളാരാണു് ? ആമിനയെപ്പോലെത്തന്നെയിരിക്കുന്നു. അവളുടെ ഏട്ടത്തിയായിരിക്കുമോ. (ആമിനയോടു) ഈ സ്ത്രീയെ നീയറിയുമോ ?

ആമിന : ഇല്ല.

കുഞ്ഞാലി : പിന്നേയും പൊളിതന്നെ. ഇവൾ നിൻെറ ഏട്ടത്തിയല്ലെ?

ആമിന : എനിക്കു കൂടപ്പിറപ്പായി ആരുമില്ല.

കുഞ്ഞാലി : നിൻെറ അച്ഛനു വേറെ മക്കളുണ്ടോ.

ആമിന : ഒരു മകനുണ്ടു്.

കുഞ്ഞാലി : എന്നാൽ അവൻതന്നെയാണിതു്. സംശയമില്ല. അവൻെറ വേഷമഴിപ്പിയ്ക്കിൻ.

ആമിന : അയ്യൊ ! ആരാണിതു ! കുഞ്ഞികൃഷ്ണനൊ, നീയെന്നെ ചതിച്ചു.

കുഞ്ഞികൃഷ്ണൻ : തമ്പുരാനുവേണ്ടി ചെയ്യേണ്ടിവന്നു.

കുഞ്ഞാലി : നീ സാമൂതിരിയുടെ ചാരനാണൊ. അയ്യൊ എൻെറ ആമിനേ ! എനിക്കു മാപ്പു തരണേ. ഓമനെ അല്ലാഹു് നമ്മെ ചതിച്ചു. എടാ വഞ്ചക ! ഈ കത്തികൊണ്ടുതന്നെ നിൻെറ കഥയും കഴിയട്ടെ.

ആമിന : അരുതു്, എന്നെ സ്നേഹമുണ്ടെങ്കിൽ അരുതു. അവനെ വിട്ടേയ്ക്കു. ഇതെൻെറ അവസാനത്തെ പ്രാർത്ഥനയാണു്. വരു, അരികെ വരു, എന്നെ ആശ്ലേഷിയ്ക്കു. അയ്യൊ ! വേദന സഹിക്കാൻ വയ്യ. കണ്ണുകൾ മങ്ങുന്നു. എൻെറ പ്രാണനാഥ ! ഞാൻ പോവുകയായി. ആരും തുണയില്ലാതെ ഞാൻ പോവുകയായി. ഞാൻ തനിയെ വന്നു തനിയെ പോകുന്നു.

കുഞ്ഞാലി : ആമിനെ ! ആമിനേ ! എൻെറ തങ്കം ! അയ്യോ നീ വിളി കേൾക്കുന്നില്ലല്ലൊ.

ഹസ്സനാജി : എല്ലാം കഴിഞ്ഞു ഏമാന്നെ.

കുഞ്ഞാലി : ഹാ ! ഞാനെന്തൊരു ചെകുത്താനാണു്. എൻെറ പേരുകേട്ടാൽ മനുഷ്യലോകം കിടുകിടെ വിറച്ചുപോകും.

(വെടി മുഴങ്ങുന്നു. ഒരു ഭടൻ ഓടിവരുന്നു)

സാമൂതിരിത്തമ്പുരാനും പറങ്കിളും കോട്ട വളഞ്ഞിരിക്കുന്നു.

കുഞ്ഞാലി : അതിനെന്താ, ഞാനിതാ വരികയായി.

(വെടിമുഴങ്ങുന്നു)

ഹസ്സനാജി : എൻെറ ഹള്ളാ ! പൊളിഞ്ഞല്ലൊ മതില്ു്.

കുഞ്ഞാലി : ചങ്ങാതിമാരെ ! കോട്ടമതിൽ തകർത്തു ശത്രുക്കൾ കുതിച്ചു കയറുന്നു. വാളും വലിച്ചെടുത്തു പാഞ്ഞുചെല്ലിൻ.

മാപ്പിളമാർ : ഇതാ ബന്നുപോയി!

ഹസ്സനാജി : ഞമ്മൾ നൂറാളു്, ഓലോ എണ്ണ്യാ ഒടുങ്ങൂല. എന്തു പിരാന്താ നിങ്ങളു് കാട്ടണു്. വരിൻ !

കുഞ്ഞാലി : വീരന്മാരെപ്പോലെ പോരിൽ മരിയ്ക്കാം.

ഹസ്സനാജി : ഞമ്മ പോയാൽ കുടുംബങ്ങളെ ആരു നോക്കും. (വീണ്ടും വെടി മുഴങ്ങുന്നു.)

കുഞ്ഞാലി : ചങ്ങാതിമാരെ ! നിങ്ങൾക്കെന്തുവേണം വേഗം പറയിൻ.

മാപ്പിളമാർ : ജീവനുംകൊണ്ടു ഇവിടുന്നു പോകണം.

കുഞ്ഞാലി : എന്നാൽ വരിൻ ! പറങ്ക്യേളെ വെട്ടി വഴിയൊഴിയ്ക്കിൻ ! തമ്പുരാൻെറ മുമ്പിൽ ചെന്നു വാളുവെച്ചു് കീഴടങ്ങാം, വരിൻ.

(യുദ്ധ കോലാഹലം.)

കുഞ്ഞാലി : പൊന്നുതമ്പുരാനെ ! കുഞ്ഞാലി വാളുവെച്ചു കീഴടങ്ങുന്നു, രക്ഷിക്കണം. കുററം ചെയ്തതു് ഞാനൊരുത്തനാണു്. ഈ പാവങ്ങളെ മാപ്പുകൊടുത്തു വിട്ടയയ്ക്കണം.

സാമൂതിരി : കുഞ്ഞാലിയല്ലാത്തവർക്കെല്ലാം പോകാം.

കുഞ്ഞാലി : പൊന്നുതമ്പുരാനേ ! ഇഷ്ടമുള്ള ശിക്ഷ നല്കാം. കുഞ്ഞാലിക്കു അതിൽ ഒരാക്ഷേപവും പറയാനില്ല.

തോമസ്സ് : കുഞ്ഞാലിയെ എൻെറ കൈയിൽ ഏല്പിച്ചുതരണം. ബഹുമാനപ്പെട്ട ഗവർണ്ണരു കല്പനയാണു്.

കുഞ്ഞാലി : തമ്പുരാനെ അതുമാത്രം അരുതു്. ഇപ്പോൾത്തന്നെ എൻെറ കഴുത്തു വെട്ടാം.

സാമൂതിരി : കുഞ്ഞാലി ! തൻെറ അപേക്ഷ സ്വീകരിപ്പാൻ നമുക്കു നിവൃത്തിയില്ലാത്തതിനാൽ വ്യസനിക്കുന്നു. ഈ കാര്യത്തിൽ പറങ്കികളുടെ ഇഷ്ടംപോലെ ചെയ്യാമെന്നു ഞാൻ വാക്കു കൊടുത്തിട്ടുണ്ടു്.

കുഞ്ഞാലി : എന്നാൽ എനിയ്ക്കൊന്നും പറയാനില്ല. അവിടുത്തെ സത്യം നിറവേറട്ടെ.

## രംഗം IV

സ്ഥലം— ഗോവയിൽ കാരാഗ്രഹം

കുഞ്ഞാലി : ഇന്നാണു് ആ ദിവസം. പറങ്കികൾ ഇന്നെന്നെ ചിത്രവധം ചെയ്യും. എൻെറ ദേഹം നുറുനുറായി വെട്ടി നുറുക്കും. കഷ്ടം! കുഞ്ഞാലിമരയ്ക്കാർ എന്നു കേട്ടാൽ മതി പറങ്കികൾ കിടുകിട നടുങ്ങും. എൻെറ പൂർവ്വീകന്മാർ വീരചരിത്രത്താൽ ലോകത്തെ കൊൾ

മയിക്കൊള്ളിച്ചു. മറുകര കാണാത്ത മഹാസമുദ്രം, തിരയും നുരയും പൊങ്ങുന്ന കടൽ അവർക്ക് കളിത്തൊട്ടിലായിരുന്നു. ആ വംശത്തിൽ പിറന്നവനെ ഒരാട്ടിൻകുട്ടിയെപ്പോലെ കശാപ്പു ചെയ്യാനാണ് പറങ്കികൾ മോഹിക്കുന്നത്. ആ അവമാനം മരയ്ക്കാർ വംശത്തിന്നു വരുവാൻ പാട്ടില്ല. ആത്മഹത്യ! അത് എത്രയോ അഭിമാനകരമാണ്. ഹാ! ഒരായുധം കിട്ടിയെങ്കിൽ! വേണ്ട, ആയുധം വേണ്ട, എന്റെ കൈകളെ ബന്ധിക്കുന്ന ചങ്ങല ഭാഗ്യവശാൽ നീളമുണ്ട്. അതുകൊണ്ട് കഴുത്തു ചുററി വലിച്ചു മുറുക്കാം. ആമീനെ! ഞാനിതാ വന്നുപോയി.

(മരണാക്രന്ദനം.)

## രംഗം V

സ്ഥലം—സാമൂതിരിയുടെ കോവിലകം.

സാമൂതിരിയും മങ്ങാട്ടച്ചനും പ്രവേശിക്കുന്നു.

സാമൂതിരി: കേട്ടവർത്തമാനം വാസ്തവമാണോ, മങ്ങാടാ.

മങ്ങാട്ടച്ചൻ: അതെ ഇളയ തമ്പുരാൻ അരുളിച്ചെയ്തുപോലെയായി. പറങ്കികൾ നമ്മെ ചതിച്ചു ഇന്നലെ പൊന്നാനിയിലും, പന്തലായിനിയിലും അവർ പകൽക്കൊള്ള നടത്തിയിരിക്കുന്നു. മംഗലാപുരത്തുനിന്നു വന്നിരുന്ന അരിക്കപ്പലുകൾ മുഴുവൻ പിടിച്ചടക്കിയിരിക്കുന്നു. പോരെങ്കിൽ കൊച്ചിയുടെ സേനകളുണ്ട്, ചാവക്കാടിനെ ലക്ഷ്യമാക്കി മുന്നോട്ടു നീങ്ങുന്നു. കള്ളപ്പറങ്കികൾ ചതിച്ചു.

സാമൂതിരി: നായന്മാരും മാപ്പിളമാരും ഉറങ്ങുകയാണോ? കടലിലും കരയിലും ശത്രുവിനോടു പൊരുതാൻ എല്ലാവരും ഒരുങ്ങേണമെന്നു വിളംബരം ചെയ്യൂ.

മങ്ങാട്ടച്ചൻ: അതുകൊണ്ടു ഗുണമുണ്ടാവില്ല. കുഞ്ഞാലി മരയ്ക്കാർ പോയതോടുകൂടി നമ്മുടെ നാവികശക്തിയുടെ നട്ടെല്ലു മുറിഞ്ഞുപോയി. പറങ്കികൾക്കെതിരായി കടലിലിറങ്ങാൻ ആരും ധൈര്യപ്പെടുന്നില്ല.

സാമൂതിരി: കടലിലെ കാര്യം എങ്ങിനേയോ തുലയട്ടെ. കരയിലെങ്കിലും ശത്രുസേനയെ വേഗം എതൃക്കണം. അതിന്നൊരുക്കങ്ങൾ ചെയ്യൂ.

മങ്ങാട്ടച്ചൻ: അതിന്നും പ്രയാസമാണ്. ഏറാൾപ്പാടു തമ്പുരാൻ സൈന്യങ്ങളെ നയിക്കാനില്ലെങ്കിൽപിന്നെ എന്തു യുദ്ധം എന്നാണു കേട്ടവരൊക്കെ ചോദിക്കുന്നത്.

സാമൂതിരി: എന്നാൽ രാജ്യത്തിന്നു നേരിട്ടിരിക്കുന്ന അത്യാപത്തു എങ്ങും കൊട്ടിയറിയ്ക്കാൻ പറയൂ. അതുകേട്ടാൽ ഇളംകൂർ ആ നിമിഷത്തിൽ ഇവിടെയെത്തും.

മങ്ങാട്ടച്ചൻ: റാൻ. (പോകുന്നു.)


സാമൂതിരി: രാജ്യത്തെ രക്ഷിക്കുന്നവനാണ് രാജാവെങ്കിൽ ഞാൻ തീർച്ചയായും രാജാവല്ല. ഈ പുണ്യഭൂമിയെ ഞാൻ ഭയങ്കരമായ ആപത്തിൽ ആഴ്ത്തിയിരിക്കുന്നു. കുഞ്ഞാലി മരയ്ക്കാരുടെ വംശ പരമ്പരയാ സാമൂതിരി രാജാക്കന്മാരുടെ വലംകയ്യായിരുന്നു. അവർ എന്റെ കലത്തിന്റെ മാനം നിലനിർത്താൻ കഴിഞ്ഞ ഒരു നൂററാണ്ടായി പറങ്കികളോടു പൊരുതി നിന്നു. ഞാനാകട്ടെ പറങ്കികളെക്കൊണ്ടുതന്നെ അവരെ നശിപ്പിച്ചു. മഹാപാതകം! മഹാപാതകം! ഞാൻ എന്തൊരു ദുഷ്ടരാക്ഷസനാണ്. ഭൂമിക്കു എന്റെ ഭാരം ദുസ്സഹമായിത്തീർന്നിരിക്കണം. ചേരമാൻ പെരുമാൾ, എന്റെ വംശസ്ഥാപകൻ, ഈ വാൾ കൊടുത്തു. എന്റെ പൂർവ്വീകന്മാർ അധർമ്മത്തിന്റെ തഴച്ചുവരുന്ന തലകൾ വെട്ടിക്കളയാൻ കഴിഞ്ഞ അഞ്ഞൂറു കൊല്ലമായി ഇതുപയോഗിച്ചുവരുന്നു. ഖഡ്ഗമേ! ഇന്നു നിന്റെ നിർദ്ദയ പ്രഹരത്തെ എന്റെ ശിരസ്സിനേക്കാൾ മറെറാന്നുംതന്നെ അർഹിക്കുന്നില്ല. ഒഴിയട്ടെ ഭാരം. ഭൂമിയുടെ ഭാരം.

(വെട്ടുന്നു.)

മങ്ങാട്ടച്ചൻ: ഓടിവരുന്നു.

മങ്ങാട്ടച്ചൻ: അയ്യോ തമ്പുരാൻ ആത്മഹത്യ ചെയ്തിരിക്കുന്നു. എന്തൊരു നാശകാലമാണിത്. നാട്ടിന്റെ നാലുപുറത്തുനിന്നും ശത്രുക്കൾ ചെന്നായ്ക്കളെപ്പോലെ ആർത്തുവരുന്നു. അപ്പോഴാണ് ഈ അരാജകത്വം. ഗുരുവായൂരപ്പാ! ഞാൻ എന്തുചെയ്യട്ടെ. കൃഷ്ണാ! ആപൽബാന്ധവാ! രക്ഷിയ്ക്കണേ! രക്ഷിയ്ക്കണേ!

## ഫ്രാൻസിലെ യുദ്ധരംഗം




ജനറൽ ഐസ്നോവരുടെ നേതൃത്വത്തിൽ യൂറോപ്പിൽ വന്നിറങ്ങിയ സഖ്യശക്തിസൈന്യം ആദ്യം നോർമാണ്ടി പിടിച്ച്, അവിടെനിന്നും ഫ്രാൻസിനെ ഒട്ടാകെ പിടിപ്പാൻ ഉപയോഗിച്ച സൈന്യതന്ത്രം ഈ പടത്തിൽനിന്ന് പ്രത്യക്ഷമാകും. അമേരിക്കൻ സൈന്യം പടിഞ്ഞാറൻ കരകൂടിവന്ന് അവറാഞ്ചസ് നഗരി പിടിച്ച് അവിടെ നിന്നും പാരീസ്‌ലേക്ക് കുതിച്ചു. വഴിക്ക് ഫാലെ നഗരിയിൽ അനേകായിരം ജർമ്മൻ സൈന്യത്തെ കുടുക്കിൽ ഇട്ടു പിടിച്ച തന്ത്രമാണ് ഇതിൽ കാണുന്നത്.

PRINTED BY THE SUPERINTENDENT, GOVERNMENT PRESS AND PUBLISHED BY THE DIRECTOR OF WAR PUBLICITY, "VICTORY HOUSE", MOUNT ROAD, MADRAS.